/78037/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. പ്രിയങ്ക ജി. ഐഎഎസ്.)

വിഷയം:- വനിത ശിശു വികസന വകുപ്പ് – 'വർണ്ണക്കൂട്ട്' അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ് നൽകുന്നത് - നാലാം ക്വാർട്ടർ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള തുക അനുവദിച്ച ഉത്തരവാകുന്നു.

പരാമർശം: 1. സ .ഉ.(സാധാ) നം. 239/2022/വശിവിവ, തീയതി : 21.05.202
2. വനിതാ ശിശു വികസന ഡയറക്ടറുടെ 27.06.2022 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
3. ഈ കാര്യാലയത്തിൽ നിന്നുള്ള 19.07.2022, 16.12.2022 തീയതികളിലെ ഇതേ നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നം. DWCD/1214/2022-ICDSA6 തീയതി: 27-01-2023</u>**

അങ്കണവാടികളോടനുബന്ധിച്ച പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളിലെ (വർണ്ണക്കൂട്ടിലെ) അംഗങ്ങൾക്ക് നാല് ക്വാർട്ടറുകളിലായി കാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ റിസോഴ്സ് പേർസൻസിനെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസുകൾ നല്കുന്നതിലെയ്ക്ക് സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ഫണ്ട് അനുവദിച്ച ഉത്തരവായിട്ടുണ്ട്. ഓരോ ക്ലാസ്സിലും നൽകേണ്ട ബോധവൽക്കരണ ക്ലാസ്സുകളുടെ വിഷയങ്ങളും, തുടർ പ്രവർത്തനങ്ങളും സംബന്ധിച്ചും, ക്ലാസുകൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ സംബന്ധിച്ചും പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ആദ്യ മൂന്നു ക്വാർട്ടറുകൾക്കാവശ്യമായ തുക പരാമർശം (3) പ്രകാരം അനുവദിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വർണ്ണക്കൂട്ടിലെ അംഗങ്ങൾക്ക് പരാമർശം (2) പ്രകാരം നൽകിയിട്ടുള്ള വിഷയങ്ങളിൽ റിസോഴ്സ് പേർസൻസിനെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസുകൾ നല്കുന്നതിലെയ്ക്ക് നാലാം ക്വാർട്ടറിലെയ്ക്ക് ആവശ്യമായ തുക ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരുടെ പേർക്ക് ചുവടെ ചേർക്കുന്ന രീതിയിൽ അനുവദിച്ച ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | ICDS പ്രോജക്ടുകളുടെ എണ്ണം | അങ്കണവാടികളുടെ എണ്ണം | ഒരു അങ്കണവാടിയ്ക്ക് അനുവദിക്കുന്ന തുക | ആകെ അനുവദിക്കുന്ന തുക. |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 24 | 3061 | 250 | 765250 |
| 2 | കൊല്ലം | 21 | 2723 | 250 | 680750 |
| 3 | പത്തനംതിട്ട | 12 | 1389 | 250 | 347250 |
| 4 | ആലപ്പുഴ | 15 | 2150 | 250 | 537500 |
| 5 | കോട്ടയം | 15 | 2050 | 250 | 512500 |
| 6 | ഇടുക്കി | 13 | 1561 | 250 | 390250 |
| 7 | എറണാകുളം | 23 | 2858 | 250 | 714500 |
| 8 | തൃശ്ശൂർ | 23 | 3016 | 250 | 754000 |
| 9 | പാലക്കാട് | 21 | 2835 | 250 | 708750 |
| 10 | മലപ്പുറം | 29 | 3808 | 250 | 952000 |

| | | | | | |
|---|---|---|---|---|---|
| 11 | കോഴിക്കോട് | 21 | 2938 | 250 | 734500 |
| 12 | വയനാട് | 8 | 874 | 250 | 218500 |
| 13 | കണ്ണൂർ | 21 | 2504 | 250 | 626000 |
| 14 | കാസർഗോഡ് | 12 | 1348 | 250 | 337000 |
| | ആകെ | 258 | 33115 | 250 | 82,78,750 |

(എൺപത്തിരണ്ടു ലക്ഷത്തി എഴുപത്തിയെട്ടായിരത്തി എഴുന്നൂറ്റി അൻപതു രൂപ മാത്രം)

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക ഓരോ ICDS കളിലെയും അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി അതതു ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ഉത്തരവ് സഹിതം കൈമാറേണ്ടതും, ശിശു വികസന പദ്ധതി ഓഫീസർമാർ ടി തുക ക്ലാസുകൾ നയിച്ച റിസോഴ്സ് പെർസൺസിന് അനുവദിച്ച നൽകേണ്ടതുമാണ്.

ഇതിലെയ്ക്കാവശ്യമായ തുക നടപ്പുസാമ്പത്തിക വർഷത്തെ 2235-02-103-68(03)(P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ബോധവൽക്കരണ ക്ലാസ്സുകൾക്കായി ചെലവഴിച്ച മുഴുവൻ തുകയുടെയും ധനവിനിയോഗ സാക്ഷ്യപ്പത്രം യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും,

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ഓഫീസർ മാർക്കും
2. എല്ലാ CDPO മാർക്കും
3. സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ
4. സ്റ്റോക്ക് ഫയൽ / സ്പെയർ

Signed by Priyanka G
Date: 27-01-2023 14:26:28